പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6624 12.07.2012 -ലെ മറുപടി

**സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിംഗ് കൗൺസൽ സ്ഥാപനവുമായി ബന്ധപ്പെട്ട കേസുകളിൽ സ്ഥിരമായി ഹാജരാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു; | (എ) | കേരള ഹൈക്കോടതിയിൽ കെ.എസ്.ആർ.ടി.സി. യുടെ നാല് സ്റ്റാൻഡിംഗ് കൗൺസൽമാർ നിലവിലുണ്ട്. അതിനു പുറമെ സുപ്രീംകോടതി, എം.എ.സി.റ്റി. കോടതികൾ, ട്രിബ്യൂണലുകൾ എന്നിവയിലും സ്റ്റാൻഡിംഗ് കൗൺസൽമാരെ നിയമിച്ചിട്ടുണ്ട്. അവർ കെ.എസ്.ആർ.ടി.സി. യുമായി ബന്ധപ്പെട്ട കേസ്സുകളിൽ സ്ഥിരമായി ഹാജരാകുന്നുണ്ട്. എല്ലാ കേസ്സുകളിലും കെ.എസ്.ആർ.ടി.സി. യുടെ സ്റ്റാൻഡിംഗ് കൗൺസൽമാർ നേരിട്ട് ഹാജരാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി. റൂട്ട് മാറ്റം സംബന്ധിച്ച് എത്ര കേസുകൾ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണലിൽ വന്നിട്ടുണ്ട്; ആയത് ഏതെല്ലാം കേസുകൾ; കക്ഷികൾ ആരെല്ലാമായിരുന്നു; വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി. റൂട്ട് മാറ്റം സംബന്ധിച്ച് 192 കേസ്സുകൾ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണലിൽ വന്നിട്ടുണ്ട്. കേസ്സുകളുടെ നമ്പരും, കക്ഷികളുടെ പേരും അനുബന്ധമായി ചേർക്കുന്നു. |
| (സി) | സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണലിൽ വന്നിട്ടുള്ള പ്രസ്തുത കേസുകളിൽ എത്രയെണ്ണത്തിൽ സ്റ്റാൻഡിംഗ് കൗൺസൽ സർക്കാരിന് വേണ്ടി ഹാജരായി എന്ന് വ്യക്തമാക്കുമോ; | (സി) യും (ഡി) യും | സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണലിൽ വന്നിട്ടുള്ള എല്ലാ കേസ്സുകൾക്കും സ്റ്റാൻഡിംഗ് കൗൺസലോ, അദ്ദേഹത്തിന്റെ അഭാവത്തിൽ ജൂനിയറോ ഹാജരായിട്ടുണ്ട്. |
| (ഡി) | ഹാജരായില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ? | | |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ